(എച്ച്) 26-10-1998 മുതൽ ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്നു.

(ഐ) ഉണ്ട്.

(ജെ) പരാതിയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി കിട്ടുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ഷൊർണ്ണൂർ സർക്കാർ പ്രസ്സിന്റെ പ്രവർത്തനം

50 (2925) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിലെ ട്രേഡു യൂണിയൻ പ്രവർത്തകരോടുള്ള പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അത് പരിഹരിച്ച് പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിന്മേൽ അച്ചടി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചശേഷം യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

പേസ്റ്റപ്പ് ആർട്ടിസ്റ്റിന്റെ ഒഴിവുകൾ

51 (2926) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന അച്ചടി വകുപ്പിന് കീഴിൽ ഇപ്പോൾ എത്ര പേസ്റ്റപ്പ് ആർട്ടിസ്റ്റിന്റെ തസ്തികകൾ ആണ് നിലവിൽ ഉള്ളത് ;

(ബി) പ്രസ്തുത തസ്തികയിൽ എപ്പോഴെല്ലാം ആണ് ഒഴിവ് ഉണ്ടായിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) ഈ തസ്തികയിലേയ്ക്കുള്ള റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ;

(ഡി) ഇതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ഇ) കാലാവധി തീരുന്നമുറയ്ക്ക് പ്രസ്തുത തസ്തികകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാല്.

(ബി) രണ്ട് ഒഴിവുകളാണ് ഇപ്പോൾ ഉള്ളത്. ഒരു ഒഴിവ് പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്തു കഴിഞ്ഞു. 10-3-2000-ലെ സർക്കാർ ഉത്തരവ് (എം. എസ്.) നം. 31/2000/ഉവിവ. പ്രകാരം സൃഷ്ടിച്ച പുതിയ തസ്തിക നികത്തുന്നതിന് പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(സി & ഡി) പി. എസ്. സി. യിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ബാക്കിയുള്ള ഒരു ഒഴിവ് പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു.

സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കാത്ത നടപടി

52 (2927) ശ്രീ. വി. ബാലറാം :

ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ സർക്കാർ പ്രസ്സിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ സ്ഥലംമാറ്റ ഉത്തരവ് ലഭിച്ചിട്ടും വിടുതൽ ചെയ്യാത്തതിനാൽ അവിടെത്തന്നെ ജോലിയിൽ തുടരുന്ന എത്ര പേർ ഉണ്ട് ;

(ബി) അവരെ വിടുതൽ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഏത് തീയതിയിലാണ് അവരെ വിടുതൽ ചെയ്യേണ്ടിയിരുന്നത് ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് ഈ പ്രസ്സിൽ നിന്നും ശമ്പളം നല്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇതിന്റെ വ്യവസ്ഥ വിശദീകരിക്കാമോ ?

ഉത്തരം

(എ) മൂന്നു പേർ.

(ബി) ശ്രീമതി സാവിത്രി കൊടക്കാടിനെ ഹൈക്കോടതി സ്റ്റേയുടെ അടിസ്ഥാനത്തിലും ശ്രീ. വേണുഗോപാലനേയും ശ്രീ. രാമകൃഷ്ണനേയും വകുപ്പിന്റെ പ്രവർത്തന സൗകര്യാർത്ഥവുമാണ് നിലനിർത്തിയിരിക്കുന്നത് എന്ന് അച്ചടി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഒന്നാം ഗ്രേഡ് ബൈന്റർ ശ്രീമതി സാവിത്രി കൊടക്കാടിനെ 28-7-1999 മുതലും രണ്ടാം ഗ്രേഡ് കമ്പ്യൂട്ടർ ശ്രീ. വി. വേണുഗോപാലിനെ

LIBRARY ARCHIVES Kerala Legislative Assembly